ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നാലാമത് ക്വാഡ് ഉച്ചകോടിക്ക്അമേരിക്ക ആതിഥേയത്വം വഹിക്കും. 21-ന് നടക്കുന്ന ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള ലോക നേതാക്കൾ പങ്കെടുക്കും.

   **The US will host the fourth Quad Summit. World leaders including Prime Minister Narendra Modi will attend the summit on 21st.**

2. ഡൽഹി മുഖ്യമന്ത്രിയും ആം ആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കെജ്‌രിവാൾ ജയിൽ മോചിതനായി.

   **Delhi Chief Minister and Aam Aadmi Party leader Arvind Kejriwal released from jail.**

3. ആൻഡമാൻ നിക്കോബാറിലെ പോർട്ട് ബ്ലെയറിൻറെ പേര് ശ്രീ വിജയപുരം എന്ന് പുനർനാമകരണം ചെയ്യാൻ തീരുമാനിച്ച് കേന്ദ്രസർക്കാർ. തീരുമാനം കൊളോണിയൽ ചിഹ്നങ്ങളിൽ നിന്ന് രാജ്യത്തെ മോചിപ്പിക്കുന്നതിൻറെ ഭാഗമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ..

   **Government has decided to rename Port Blair in Andaman and Nicobar Islands as Sri Vijaya Puram. Union Home Minister Amit Shah said that the decision is part of freeing the country from colonial symbols.**

4. തിരുവോണത്തെ വരവേൽക്കാൻ അവസാന വട്ട ഒരുക്കങ്ങളിൽ നാടും നഗരവും; നാളെ ഉത്രാടപ്പാച്ചിൽ.

   **Preparation are full swing in Kerala to welcome thiruvonam; uthradapachil tomorrow.**

5. ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ പതിനൊന്നാം സീസണ് അൽപ്പസമയത്തിനകം തുടക്കം. ആദ്യ മത്സരത്തിൽ മുംബൈ എഫ്.സി മോഹൻ ബഗാനെ നേരിടും.

**Indian Super League Football 11th season is about to start. Mumbai city FC will face Mohun Bagan in the first match.**

## BIDEN - QUAD SUMMIT

നാലാമത് ക്വാഡ് ഉച്ചകോടിക്ക് യു.എസ് പ്രസിഡൻ്റ് ജോ ബൈഡൻ ആതിഥേയത്വം വഹിക്കും. അമേരിക്കയിലെ ഡെലവെയറിൽ ഈ മാസം 21-ന് നടക്കുന്ന ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള നേതാക്കൾ പങ്കെടുക്കും. ക്വാഡ് രാഷ്ട്രങ്ങൾക്കിടയിൽ ഐക്യം ശക്തിപ്പെടുത്തുക, സ്വതന്ത്രമായ ഇന്തോ-പസഫിക് മേഖല സാധ്യമാക്കുക എന്നിവയ്ക്ക് ഉച്ചകോടി ഊന്നൽ നൽകുമെന്ന് വൈറ്റ് ഹൗസ് വ്യക്തമാക്കി. ആരോഗ്യ സുരക്ഷ, പ്രകൃതി ദുരന്ത പ്രതികരണം, സമുദ്ര സുരക്ഷ, നൂതന സാങ്കേതിക വിദ്യ, സൈബർ സുരക്ഷ എന്നിവയ്ക്കും ചർച്ചയിൽ മുൻതൂക്കം നൽകും. ഓസ്ട്രേലിയ, ഇന്ത്യ, ജപ്പാൻ, അമേരിക്ക എന്നീ രാജ്യങ്ങൾക്കിടയിലെ നയതന്ത്ര പങ്കാളിത്തമാണ് ക്വാഡ് കൂട്ടായ്മ. അടുത്ത ക്വാഡ് ഉച്ചകോടിക്ക് ഇന്ത്യ ആതിഥേയത്വം വഹിക്കും.

## PM-PARALYMPIANS INTERACTION

പാരലിമ്പിക്സ് താരങ്ങളുടെ ജീവിത കാഴ്ച്ചപ്പാട് ഏവർക്കും പ്രചോദനകരമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പാരീസ് പാരാലിമ്പിക്സിൽ പങ്കെടുത്ത കായിക താരങ്ങളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. പാരാലിമ്പിക്സിലെ എക്കാലത്തെയും മികച്ച പ്രകടനത്തിന് താരങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. പാരാലിമ്പിക്സ് ജാവലിൻ ത്രോ സ്വർണ മെഡൽ ജേതാവ് സുമിത് ആൻറിൽ, തൻറെ മെഡൽ പ്രധാനമന്ത്രിക്ക് സമർപ്പിക്കുന്നതായി പറഞ്ഞു. ഏറെ നാളത്തെ കഠിനാധ്വാനത്തിലൂടെയും പരിശ്രമത്തിലൂടെയുമാണ് വിജയം നേടാനായതെന്നും സുമിത് പറഞ്ഞു. ശ്രീ നരേന്ദ്രമോദി അംഗീകരിക്കുന്ന വിധത്തിൽ മറ്റാരും പാരാഗെയിംസിനെ അംഗീകരിച്ചിട്ടില്ലെന്ന് ഹൈജമ്പ് വെള്ളി മെഡൽ ജേതാവ് ശരദ് കുമാർ ചൂണ്ടിക്കാട്ടി. മറ്റ് പാരാലിമ്പിക് താരങ്ങളും പ്രധാനമന്ത്രി നൽകിയ പിന്തുണയിൽ നന്ദി അറിയിച്ചു.

## SC-KEJRIWAL

മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട സി.ബി.ഐ കേസിൽ സുപ്രീം കോടതി ജാമ്യം അനുവദിച്ച ഡൽഹി മുഖ്യമന്ത്രിയും ആം ആദ്മി പാർട്ടി

നേതാവുമായ  അരവിന്ദ് കെജ്‌രിവാൾ ജയിൽ മോചിതനായി. ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ഉജ്ജ്വൽ ഭുയാൻ എന്നിവരുടെ രണ്ടംഗ ബെഞ്ചാണ് ജാമ്യം നൽകിയത്. കേസിനെക്കുറിച്ച് പരസ്യമായ അഭിപ്രായ പ്രകടനങ്ങൾ നടത്താൻ പാടില്ലെന്ന വ്യവസ്ഥയോടെയാണ് ജാമ്യം. ജാമ്യം ലഭിച്ച് പുറത്തിറങ്ങിയ കേജ്രിവാളിനെ പ്രവർത്തകർ ജയിലിന് പുറത്ത് സ്വീകരിച്ചു. മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട ഇ.ഡി കേസിൽ ജൂലൈയിൽ സുപ്രിം കോടതി കെജ്രിവാളിന് ഇടക്കാല ജാമ്യം അനുവദിച്ചിരുന്നു. മദ്യനയ അഴിമതിക്കേസിൽ മാർച്ച് 21 നാണ് അദ്ദേഹത്തെ ഇ.ഡി അറസ്റ്റ് ചെയ്യുന്നത്. ഇതിന് പിന്നാലെ ജൂണിൽ, സി.ബി.ഐ കേസിലും കെജ്രിവാളിൻറെ അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു.

# PORT BLAIR - SRI VIJAYA PURAM (INTRO)

ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ പോർട്ട് ബ്ലെയറിൻ്റെ പേര് ശ്രീ വിജയപുരം എന്ന് പുനർനാമകരണം ചെയ്യാൻ തീരുമാനിച്ചതായി കേന്ദ്ര സർക്കാർ.

വിശദശാംശങ്ങളിലേക്ക്...

(VOICE)

രാജ്യത്തിൻറെ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ നിർണായക സ്ഥാനം വഹിക്കുന്ന പ്രദേശമാണ് ആൻഡമാൻ നിക്കോബാർ ദ്വീപുകളും പോർട്ട് ബ്ലെയറും. ഈസ്റ്റ് ഇന്ത്യ കമ്പനിയിലെ ഒരു നാവിക ഉദ്യോഗസ്ഥനായ അർച്ചിബോൾഡ് ബ്ലയറിനോടുള്ള ആദര സൂചകമായാണ് പ്രദേശത്തിന് പോർട്ട് ബ്ലയർ എന്ന പേര് നൽകിയിരുന്നത്. കൊളോണിയൽ മുദ്രകളിൽ നിന്ന് രാജ്യത്തെ മോചിപ്പിക്കാനാണ് ശ്രീ വിജയപുരം എന്ന് പുനർനാമകരണം ചെയ്യാൻ തീരുമാനമെടുത്തതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. രാജ്യത്തിൻറെ സ്വാതന്ത്ര്യ സമര പോരാട്ട വിജയത്തിൻറെ പ്രതീകമായാണ് ശ്രീ വിജയ പുരം എന്ന് പുനർനാമകരണം ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തിൻറെ സ്വാതന്ത്ര്യ സമരത്തിലും ചരിത്രത്തിലും ആൻഡമാൻ നിക്കോബാർ ദ്വീപുകൾക്ക് സമാനതകളില്ലാത്ത സ്ഥാനമുണ്ട്. ഒരുകാലത്ത് ചോള സാമ്രാജ്യത്തിൻറെ നാവിക താവളമായി പ്രവർത്തിച്ചിരുന്ന പ്രദേശം ഇന്ന് നമ്മുടെ രാജ്യത്തിൻറെ തന്ത്രപരവും വികസനപരവുമായ നിർണായക അടിത്തറയാണെന്നും ശ്രീ അമിത് ഷാ അറിയിച്ചു. നേതാജി സുഭാഷ് ചന്ദ്രബോസ് ത്രിവർണപതാകയുടെ ആദ്യ അനാവരണം

നടത്തിയ സ്ഥലവും വീർ സവർക്കറും മറ്റ് സ്വാതന്ത്ര്യ സമര സേനാനികളും സ്വതന്ത്ര രാഷ്ട്രത്തിനായി പോരാടിയ സെല്ലുലാർ ജയിലും ഇവിടെയാണ്. ന്യൂസ്ഡെസ്ക് ആകാശവാണി.

## JITENDRA SINGH-SWACHHTA 4.0

പ്രത്യേക സ്വച്ഛത കാമ്പെയ്ൻ 4.0 യുടെ ഭാഗമായുള്ള സമർപ്പിത വെബ് പോർട്ടൽ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് വീഡിയോ കോൺഫറൻസിലൂടെ പ്രകാശനം ചെയ്തു. കാമ്പെയിന്റെ ഭാഗമായി എല്ലാ കേന്ദ്ര സർക്കാർ ഓഫീസുകളിലും പ്രത്യേക ശുചീകരണ പരിപാടികൾ സംഘടിപ്പിക്കും. എല്ലാ കേന്ദ്ര സർക്കാർ ഓഫീസുകളിലും ശുചിത്വം പരിപൂർണമായി ഉറപ്പാക്കുക എന്നതാണ് പ്രത്യേക കാമ്പയിൻ ലക്ഷ്യമിടുന്നത്. ശുചീകരണ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കാനും മുടക്കമില്ലാതെ നടത്താനും എല്ലാ വർഷവും ഒക്ടോബർ 2 മുതൽ 31 വരെ പ്രത്യേക പ്രചാരണ പരിപാടികൾ ആചരിക്കാനും സർക്കാർ തീരുമാനിച്ചു.

## SWACHCHATHA CAMPAIGN

കേന്ദ്ര സർക്കാരിൻറെ ആഭിമുഖ്യത്തിൽ നടക്കുന്ന സ്വച്ഛതാ ഹി സേവ കാമ്പയിന് ചൊവ്വാഴ്ച കേരളത്തിൽ തുടക്കമാകും. മാലിന്യമുക്ത കേരളം, നവകേരളം പരിപാടികളുടെ ഭാഗമായി ശുചിത്വ മിഷൻ, കുടുംബശ്രീ, മേരെ യുവ ഭാരത്, നെഹ്റു യുവകേന്ദ്ര, നാഷണൽ സർവീസ് സ്കീം, സംസ്ഥാന യുവജനക്ഷേമ ബോർഡ്, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, സാമൂഹ്യ സന്നദ്ധ സേന, എന്നിവ സംയുക്തമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയായിരിക്കും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക.

## MoU-FCI BETWEEN DFPD

ഭക്ഷ്യധാന്യ സംഭരണത്തിൻ്റെയും വിതരണത്തിൻ്റെയും, കാര്യക്ഷമതയും ഉത്തരവാദിത്തവും വർധിപ്പിക്കുന്നതിനായി, ഭക്ഷ്യ പൊതുവിതരണ വകുപ്പും ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഇതിലൂടെ ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങളിൽ പൊതു ഫണ്ടിൻ്റെ ഉപയോഗം

കാര്യക്ഷമമാക്കാൻ ലക്ഷ്യമിട്ടുള്ള നിർദ്ദിഷ്ട പ്രകടന മാനദണ്ഡങ്ങളും വിലയിരുത്തൽ നടപടികളും രൂപപ്പെടുത്താൻ സാധിക്കുമെന്ന് ഉപഭോക്തൃകാര്യ ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. എഫ്സിഐ പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള മെച്ചപ്പെടുത്തലിലൂടെ ഭക്ഷ്യ സബ്സിഡി ഫണ്ടുകൾ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യപ്പെടുന്നുവെന്ന് ധാരണാപത്രം ഉറപ്പാക്കുന്നു എന്നും പ്രസ്താവനയിൽ പറയുന്നു.

# REV SEMICON INDIA

ഉത്തർപ്രദേശിലെ ഗ്രേറ്റർ നോയിഡയിൽ സംഘടിപ്പിച്ച മൂന്ന് ദിവസത്തെ സെമികോൺ ഇന്ത്യ 2024ന് ഇന്ന് സമാപനമാകും. പ്രധാനമന്ത്രി നരേന്ദ്ര മോദി ബുധനാഴ്ചയാണ് പരിപാടി ഉത്ഘാടനം ചെയ്തത്. "അർദ്ധചാലക ഭാവി രൂപപ്പെടുത്തുക" എന്നതായിരുന്നു പരിപാടിയുടെ സന്ദേശം. ഇന്ത്യയെ അർദ്ധചാലകത്തിൻ്റെ ആഗോള കേന്ദ്രമാക്കി മാറ്റാൻ ലക്ഷ്യമിട്ടുള്ള നയങ്ങളും രൂപരേഖകളും പരിപാടിയിൽ ചർച്ചചെയ്തു. ലോകത്ത് സംഘടിപ്പിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ സെമിക്കോൺ ആയിരുന്നു ഇതെന്ന് *Semiconductor Equipment and Materials International* പ്രസിഡൻ്റ് അജിത് മനോച അഭിപ്രായപ്പെട്ടു. അർദ്ധചാലക മേഖലയിലെ 100 ലേറെ വ്യാവസായിക നേതാക്കൾ പരിപാടിയിൽ പങ്കെടുത്തതായും അദ്ദേഹം പറഞ്ഞു.

# ONAM

തിരുവോണത്തെ വരവേൽക്കാൻ അവസാന വട്ട ഒരുക്കങ്ങളിൽ മലയാളികൾ. നാളെ ഉത്രാടപ്പാച്ചിലിന് മുമ്പ് ഒരുക്കങ്ങൾ പൂർത്തിയാക്കാനുള്ള തിരക്കിലാണ് ജനം. വയനാട് ദുരന്തത്തിൻറെ ആഘാതത്തിനിടയിലാണ് ഇക്കുറി ഓണം എത്തുന്നത് എന്നതിനാൽ ആഘോഷങ്ങൾക്ക് പൊലിമ കുറവാണ്. സംസ്ഥാന സർക്കാരിൻറെ ഔദ്യോഗിക ഓണാഘോഷ പരിപാടികൾ ഇത്തവണ ഒഴിവാക്കിയിട്ടുണ്ട്. എങ്കിലും പൂക്കളമിട്ടും സദ്യവട്ടത്തിനായുള്ള ഒരുക്കങ്ങൾ നടത്തിയും നാടും നഗരവും തയ്യാറെടുപ്പിലാണ്. ഉത്രാടപ്പാച്ചിൽ വിപണിയെ വീണ്ടും സജീവമാക്കുമെന്ന പ്രതീക്ഷയിലാണ് വ്യാപാര ശാലകളും, വഴിയോര കച്ചവടക്കാരും. ഓണം വിപണന മേളകളിലും, പച്ചക്കറിച്ചന്തകളിലും, വസ്ത്ര വ്യാപാര സ്ഥാപനങ്ങളിലും വലിയ തോതിലുള്ള ആൾത്തിരക്കാണ് സംസ്ഥാനത്ത് അനുഭവപ്പെടുന്നത്.

## ISL

ഇന്ത്യൻ സൂപ്പർലീഗ് ഫുട്ബോൾ പതിനൊന്നാം സീസണ് ഇന്ന് തുടക്കം. നിലവിലെ ജേതാക്കളായ മുംബൈ എഫ്.സിയും ഷീൽഡ് വിന്നേഴ്സായ മോഹൻ ബഗാനുമാണ് ആദ്യ മത്സരത്തിൽ കൊമ്പുകോർക്കുന്നത്. കൊൽക്കൊത്ത സാൾട്ട്ലേക്ക് സ്റ്റേഡിയത്തിൽ ഇന്ന് രാത്രി ഏഴരയ്ക്കാണ് മത്സരം. മലയാളി ഫുട്ബോൾ ആരാധകർ ഉറ്റുനോക്കുന്ന കേരള ബ്ലാസ്റ്റേഴ്സിൻറെ ആദ്യ മത്സരം മറ്റന്നാളാണ്. കലൂർ ജവഹർ ലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ പഞ്ചാബ് എഫ്.സിയാണ് കേരള ബ്ലാസ്റ്റേഴ്സിൻറെ എതിരാളികൾ.

## BADMINTON VIETNAM SUPER 100

വിയറ്റ്നാം ഓപ്പൺ ബാഡ്മിൻ്റൺ മിക്സഡ് ഡബിൾസ് ജോഡികളായ തനിഷ ക്രാസ്റ്റോ-ധ്രുവ് കപില സഖ്യം ഇന്ന് സെമിഫൈനലിലേക്ക് കടന്നു. ക്വാർട്ടർ ഫൈനലിൽ സഹ ഇന്ത്യൻ താരങ്ങളും ടോപ് സീഡുകളുമായ സതീഷ് കുമാർ കരുണാകരൻ-ആദ്യ വാരിയത്ത് സഖ്യത്തെ പരാജയപ്പെടുത്തിയാണ് നേട്ടം സ്വന്തമാക്കിയത്. പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ തരുൺ മണ്ണേപ്പള്ളി-യ്ക്കെതിരെ ജപ്പാൻ്റെ ഷോഗോ ഒഗാവ വിജയിച്ചു.

## SEETHARAM YECHURI

മുതിർന്ന കമ്യൂണിസ്റ്റ് നേതാവും സിപിഐ എം ജനറൽ സെക്രട്ടറിയുമായ സീതാറാം യെച്ചൂരിയുടെ ഭൗതിക ശരീരം നാളെ ഡൽഹി എ.കെ.ജി ഭവനിൽ പൊതുദർശനത്തിന് വയ്ക്കും. എയിംസിൽ സൂക്ഷിക്കുന്ന മൃതദേഹം ഇന്ന് വൈകിട്ട് ആറു മണിക്ക് വസന്ത്കുഞ്ജിലെ വീട്ടിലേയ്ക്ക് കൊണ്ടുപോകും. നാളെ പൊതുദർശനത്തിന് ശേഷം മൃതദേഹം വൈദ്യശാസ്ത്ര പഠനത്തിനായി ഡൽഹി ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന് കൈമാറും. ശ്വാസകോശ അണുബാധയെത്തുടർന്ന് ചികിത്സയിലിരിക്കെ ഇന്നലെ വൈകുന്നേരത്തോടെയാണ് അദ്ദേഹം അന്തരിച്ചത്.

## REV. INDIA – CHINA

അതിർത്തിയിലെ സമാധാന അന്തരീക്ഷം നിലനിർത്താനുള്ള ശ്രമങ്ങൾ വേഗത്തിലാക്കാൻ ഇന്ത്യയ്ക്കും ചൈനയ്ക്കുമിടയിൽ ധാരണയായി. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലും, ചൈനീസ് സെൻട്രൽ ഫോറിൻ അഫയേഴ്സ് കമ്മീഷൻ വാങ് യിയും തമ്മിൽ റഷ്യയിലെ സെൻറ് പീറ്റേഴ്സ്ബർഗിൽ നടന്ന ചർച്ചകളിലാണ് തീരുമാനം. ബ്രിക്സ് ഉന്നതതല ഉദ്യോഗസ്ഥ യോഗത്തോട് അനുബന്ധിച്ചാണ് ദേശീയ സുരക്ഷ ഉപദേശകരുടെ പ്രത്യേക യോഗം ചേർന്നത്. ഉഭയകക്ഷി ബന്ധങ്ങൾ സാധാരണ നിലയിലാക്കാൻ അതിർത്തി പ്രദേശങ്ങളിൽ സമാധാനം നിലനിർത്തുന്നതും യഥാർത്ഥ നിയന്ത്രണ രേഖയോടുള്ള ബഹുമാനം കാത്തുസൂക്ഷിക്കുന്നതും അനിവാര്യമാണെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ അറിയിച്ചു. ആഗോള - പ്രാദേശിക സാഹചര്യങ്ങളെക്കുറിച്ചും ഇരുരാജ്യങ്ങളും അഭിപ്രായങ്ങൾ പങ്കുവെച്ചു.

## DRDO-MISSILE

ഡിആർഡിഒയും ഇന്ത്യൻ നാവിക സേനയും സംയുക്തമായി വികസിപ്പിച്ചെടുത്ത വെർട്ടിക്കൽ ലോഞ്ച് ഷോർട്ട് റേഞ്ച് സർഫസ് ടു എയർ മിസൈലിൻറെ വിജയത്തിൽ അഭിനന്ദനം അറിയിച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. പുത്തൻ സാങ്കേതിക വിദ്യകൾ സമന്വയിപ്പിച്ച മിസൈൽ സായുധ സേനകൾക്ക് ഊർജം പകരുമെന്ന് അദ്ദേഹം പറഞ്ഞു. ഇന്നലെ ഒഡീഷയിൽ ചാന്ദിപൂരിൽ നിന്നായിരുന്നു മിസൈൽ രണ്ടാം തവണയും വിജയകരമായി പരീക്ഷിച്ചത്.

## REV. IMD-WEATHER

ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത. മേഖലയിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച്, മഞ്ഞ ജാഗ്രത നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരാഖണ്ഡിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഉത്തർപ്രദേശ്, ഹിമാചൽ പ്രദേശ്, ഹരിയാന, ചണ്ഡീഗഡ്, ഡൽഹി, ഉത്തർപ്രദേശ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. വടക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ന്യൂനമർദ്ദം പശ്ചിമ ബംഗാളിലും

ഒഡീഷയിലും നാളെ വരെ ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്ക് കാരണമാകുമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

## RAJBHASHA SAMMELAN

നാലാമത് അഖില ഭാരതീയ രാജ്ഭാഷ സമ്മേളനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നാളെ സംഘടിപ്പിക്കും. കേന്ദ്രമന്ത്രി അമിത്ഷാ ഉദ്ഘാടന ചടങ്ങിനെ അഭിസംബോധന ചെയ്യും. ഹിന്ദി ഔദ്യോഗിക ഭാഷയായി 75 വർഷം പൂർത്തിയാക്കിയതിൻറെ ഭാഗമായിട്ടാണ് സമ്മേളനം സംഘടിപ്പിച്ചിട്ടുള്ളത്.